**സർക്കുലർ**

മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരെ, വത്സല മക്കളെ,

ലോകമെമ്പാടും കൊറോണ വൈറസിന്റെ ഭീതിയിൽ കഴിയുകയാണല്ലോ. നമ്മുടെ രാജ്യത്തും, ഡൽഹിയിലും പരിസര പ്രദേശത്തും ഈ മഹാവ്യാധിയുടെ ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ നാം സ്വീകരിക്കേണ്ട ചില മുൻകരുതലുകളെപറ്റി ഡോക്ടർമാർ മുന്നറിയിപ്പ് നൽകുന്നത് ശ്രദ്ധിച്ചിരിക്കുമല്ലോ. നമ്മുടെ പള്ളികളും ഇടവകകളുമായി ബന്ധപെട്ടു എടുക്കേണ്ട ചില നടപടിക്രമങ്ങളെപ്പറ്റി നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കട്ടെ.

1. നമ്മുടെ ഇടവകകളിൽ ഇനി ഒരറിയിപ്പുണ്ടാകുന്നത് വരെ പരിശുദ്ധ കുർബാന കൈയ്യിൽ സ്വീകരിക്കുന്നതാണ് അഭികാമ്യം. നാവിൽ പരിശുദ്ധ കുർബാന നല്കാതിരിക്കുന്നതാണ് നല്ലത്. പരിശുദ്ധ കുർബാന കൈയ്യിൽ സ്വീകരിക്കാൻ ആവശ്യമായ പരിശീലനം വിശ്വാസികൾക്കു, പ്രത്യേകിച്ചും കുട്ടി കൾക്ക്, നൽകേണ്ടതാണ്.

2. അതുകൊണ്ടു തന്നെ പരിശുദ്ധ കുർബാന തിരുരക്തത്തിൽ മുക്കി നൽകുന്നത് ഒഴിവാക്കുക.

3. കുർബാന മദ്ധ്യേ സമാധാന ആശംസക്കു കൈകൂപ്പി പരസ്പരം ശിരസ്സ് നമിക്കുന്നതാണ് നല്ലതു. കൈകൊടുക്കുന്ന രീതി എവരും ഈയവസരത്തിൽ ഒഴിവാക്കേണ്ടതാണ്.

4. നമ്മുടെ ദേവാലയ കവാടത്തിലും പ്രധാന വാതിലിലും വച്ചിട്ടുള്ള ഹന്നാൻ വെള്ളം കുറച്ചു നാളത്തേക്ക് ഈയവസരത്തിൽ ഉപേക്ഷിക്കാവുന്നതാണ്.

5. ഇതിനു ഒരു ശമനം വരുന്നത് വരെ ആൾക്കൂട്ടം ഉണ്ടാകാവുന്ന പൊതുപരിപാടികൾ കഴിയുന്നതും ഒഴിവാക്കുവാൻ ശ്രദ്ധിക്കുമല്ലോ.

6. ദേവാലയത്തിനകത്തും പൊതുപരിപാടികൾക്കിടയിലും ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും ടവൽ കൊണ്ടോ ടിഷ്യു പേപ്പർ കൊണ്ടോ വായും മൂക്കും അടച്ചു പിടിക്കേണ്ടതാണ്.

7. വേദപാഠ ക്ളാസ്സുകളിലും ഭക്ത സംഘടനായോഗങ്ങളിലും പ്രത്യേകിച്ചും കുട്ടികളെ ഇക്കാര്യത്തിൽ ബോധവാന്മാരാക്കുകയും പരിശീലിപ്പിക്കേണ്ടതുമാണ്.

8. പൊതു ഉപയോഗത്തിനുള്ള വാഷ് ബേസിൻ, ടോയ്ലെറ്റുകൾ എന്നിവ പരമാവധി വൃത്തിയായി സൂക്ഷിക്കുവാൻ എവരും ശ്രദ്ധിക്കുമല്ലോ.

9. പലർ ഉപയോഗിക്കുന്ന വാതിൽപിടികൾ, സ്വിച്ചുകൾ, വാട്ടർ ടാപ്പുകൾ, വെള്ളം കുടിക്കുന്ന ഗ്ലാസ്സുകൾ, എന്നിവയിലൂടെ രോഗാണുക്കൾ വ്യാപിക്കാമെന്നു ഡോക്ടർമാർ പറയുന്നു.

10. നിങ്ങളുടെ വീടുകളും ജോലിസ്ഥലത്തും സ്കൂളിലും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് ഓർമിപ്പിക്കുന്നു.

പ്രിയ സഹോദരിസഹോദരന്മാരെ,

ഈ മുന്കരുതലുകളോടൊപ്പം, ഈ പകർച്ചവ്യാധിയിൽ നിന്നും നാമും, നമ്മുടെ കുടുംബാംഗങ്ങളും നമ്മുടെ ഇടവകയും നമ്മുടെ രാജ്യവും

പൂർണമായി സംരക്ഷിതരാകാൻ സർവശക്തനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കുകയും ആ ദൈവത്തിന്റെ ശക്തിയിൽ പൂർണമായി ആശ്രയിക്കുകയും ചെയ്യാം. ഇടവക തലത്തിൽ വികാരിയച്ചന്റെ നേതൃത്വത്തിൽ ഇടവകജനങ്ങൾ ഒരുമിച്ചുകൂടി ദിവ്യകാരുണ്യം എഴുന്നള്ളിച്ചു വച്ച് ഈ വിപത്തിൽ നിന്നും രക്ഷ നേടാൻ തീക്ഷ്ണതയോടെ പ്രാർത്ഥിക്കണമെന്നും ഞാൻ സ്നേഹത്തോടെ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

ജീവന്റെ നാഥനായ ഈശോനാഥൻ നിങ്ങളുടെ ആരോഗ്യത്തെ കാത്തു പരിപാലിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവം
ആർച്ച്ബിഷപ് കുരിയാക്കോസ് ഭരണികുളങ്ങര